ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 2011-12 മുതൽ ഇതുവരെ 3408.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം-I ൽ ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-1-2012-ലെ സ.ഉ.(എം.എസ്) 5/2012/പൊ.മ.വ പ്രകാരം 61 റോഡുകൾ, 269.008 കി.മീ.നീളം, മേജർ ജില്ലാ റോഡായി ഏറ്റെടുത്തിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് അനുബന്ധം-II ൽ ചേർക്കുന്നു.*

**ഗ്രീൻ ബിൽഡിംഗ് പദ്ധതി**

271 (1305) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ നടത്തിപ്പിനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് ഇതുവരെ എത്ര രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ധനസഹായം ലഭിച്ചിട്ടില്ല.

**കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

272 (1306) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നത് : വ്യക്തമാക്കാമോ :

(സി) പണികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം ബൈപ്പാസ്

ദേശീയപാത 47 ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43 കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്റർ ഭാഗത്തിന്റെ പണിയുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൊല്ലം ബൈപ്പാസ്

ദേശീയപാത 47 ലെ കാവനാട് (കി.മീ.486/500) തുടങ്ങി മേവറം (കി.മീ 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ബൈപ്പാസ്

ദേശീയപാത 47-ലെ കൊമ്മാടി (കി.മീ.408/100) മുതൽ കളർകോട് (കി.മീ.414/900) വരെയുള്ള 6.80 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

തുപ്പണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly